പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1965

14.07.2011-ൽ മറുപടിക്ക്

## ഇ - പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) വാഹനങ്ങളുടെ റോഡ് നികുതിയും ലൈസൻസ് ഫീസും ഓൺലൈനായി അടയ്ക്കത്തക്കവിധത്തിൽ മോട്ടോർ വാഹന വകുപ്പിൽ ഇ - പേയ്മെന്റ് സംവിധാനം സജ്ജമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) പൊതുജനങ്ങൾക്ക് വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഫീസും വാഹന നികുതിയും വകുപ്പിന്റെ വെബ്സൈറ്റ് വഴി അടയ്ക്കുവാനായി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയ ബാങ്കുകളിലൂടെ പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുവാൻ ആദ്യഘട്ടത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) മോട്ടോർ വാഹന വകുപ്പിന്റെ ഇത് സംബന്ധിച്ച വെബ്സൈറ്റ് പരിഷ്കരണ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ആദ്യഘട്ടത്തിൽ എല്ലാ ഫീസും പ്രസ്തുത സംവിധാനത്തിലൂടെ അടയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി പബ്ലിക് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വാഹന ടാക്സ് അടയ്ക്കുന്നതിനായി ടാക്സേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സി) ഏതൊക്കെ കേന്ദ്രങ്ങളിലൂടെ നികുതി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

സി) ലോകത്തെവിടെ നിന്നും ഇന്റർനെറ്റ് മുഖേന ഫീസുകളും വാഹന നികുതികളും അടക്കുവാൻ ഉള്ള സംവിധാനമാണ് ഏർപ്പെടുത്തുന്നത്. ആദ്യഘട്ടത്തിൽ ഫീസ് മാത്രം അടക്കുന്നതിനും പിന്നീട്, വേണ്ട നിയമ ഭേദഗതികൾ വരുത്തിയ ശേഷം വാഹന നികുതികൾ അടക്കാനുള്ള സൗകര്യം ഉണ്ടാകുന്നതാണ്.

ഡി) ഏതൊക്കെ ടാക്സുകളാണ് ആദ്യഘട്ടത്തിൽ ഈ സംവിധാനം വഴി സ്വീകരിക്കുക; ഇതിനായി കേരള ടാക്സേഷൻ ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനായി 1976-ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ അനിവാര്യമാണ്. ആയതിന് കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിൽ ബന്ധപ്പെട്ട വകുപ്പുകളും ഉപവകുപ്പുകളും കേരള മോട്ടോർ ടാക്സേഷൻ ചട്ടത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സ് സ്വീകരിക്കാൻ മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതായി ഉള്ളതു കൊണ്ട് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായുള്ള "On line verification" പ്രാവർത്തികമാക്കേണ്ടതുണ്ട്. ടി നടപടി സ്വീകരിക്കുന്നതിനായി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്നതോടെ എല്ലാത്തരം നികുതികളും ഇ-പേയ്മെന്റ് സംവിധാനം വഴി സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ